9.	പാലക്കാട്	3
10.	മലപ്പുറം	13
11.	കോഴിക്കോട്	25
12.	വയനാട്	3
13.	കണ്ണൂർ	13
14.	കാസർഗോഡ്	2
	ആകെ	**127**

(സി) സമ്പൂർണ്ണ ബഡ്ജറ്റ് പാസ്സാക്കുന്നതോടെ 30-7-1999-ൽ 127 പേർക്കും ധനസഹായം നൽകുന്നതിനുള്ള തുക ജില്ലാ ലേബർ ഓഫീസർമാർക്ക് നൽകുവാൻ കഴിയുന്നതാണ്.

രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലാളികളുടെ എണ്ണം

135 (2047) ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിലുള്ള ഓരോ ക്ഷേമനിധി ബോർഡുകളിലും രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലാളികളുടെ എണ്ണം എത്ര ;

(ബി) തെങ്ങുകയറ്റ തൊഴിലാളികൾക്ക് ക്ഷേമനിധി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) പീടിക തൊഴിലാളികൾക്കായി ക്ഷേമനിധി നടപ്പാക്കാൻ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ;

(ഡി) കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡിൽ പുതിയതായി ഏതെങ്കിലും വിഭാഗം തൊഴിലാളികളെ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

(എ) വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ബി) മരം കയറ്റ തൊഴിലാളികൾക്ക് ക്ഷേമനിധി രൂപീകരിക്കുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

(സി) കടകളിലും വാണിജ്യസ്ഥാപനങ്ങളിലും ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് ക്ഷേമനിധി രൂപീകരിക്കുന്നതിനുള്ള കരട് ആക്ട്, സർക്കാർ നൽകേണ്ട വാർഷിക വിഹിതത്തെ സംബന്ധിച്ച സമ്മതത്തിനായി ധനകാര്യ വകുപ്പിലേയ്ക്ക് അയച്ചിട്ടുണ്ട്.

(ഡി) ഇല്ല.

†അനുബന്ധം VIII

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം VIII

[8-7-1999-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 135 (2047) ദയവായി കാണുക]

തൊഴിൽ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ക്ഷേമനിധി ബോർഡുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലാളികളുടെ എണ്ണം

	ബോർഡ്	അംഗങ്ങൾ
1.	കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്	41,900
2.	കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ്	1,60,410
3.	കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡ്	6,30,311
4.	കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്	37,384
5.	കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്	41,532
6.	കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ്	1,900
7.	കേരള ചുമട്ടു തൊഴിലാളി ക്ഷേമനിധി ബോർഡ്	23,337
8.	കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ്	14,29,815
9.	കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്	1,80,932
10.	കേരള തൊഴിലാളി ക്ഷേമനിധി ബോർഡ്	4,70,000
11.	കേരള ബീഡി-സിഗാർ തൊഴിലാളി ക്ഷേമനിധി ബോർഡ്	ബോർഡ് 15-3-1999 ൽ രൂപീകരിച്ചതേയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly